# ലിറ്റിൽ കൈറ്റ്സ്

# Artിഫിഷൽ

## ഡിജിറ്റൽ മാഗസിൻ
## 2023-25



**Published by:**

*Little Kites, MM HSS NEW MAHE Unit*

# മുഖമൊഴി

ഇത് കാലത്തിൻറെ നേർകാഴ്ച ,
സാങ്കേതികതയുടെ അത്ഭുതങ്ങൾക്കൊപ്പം
കാലത്തിന് ഹൃദയത്തുടിപ്പുകളെ
സമൂഹത്തിന്റെ പ്രതീക്ഷകളെ
സർഗ്ഗാത്മകതയുടെപുതുനാമ്പുകളെ അക്ഷരങ്ങളിലാവാഹിച്ച്
സമയത്തിന്റെ രഥവേഗങ്ങൾ ഉൾക്കൊണ്ട്
ഞങ്ങൾ കാഴ്ചവെക്കുന്നു ...........
ഞങ്ങളുടെ ആർട്ടിഫിഷൽ..........
പൊറുക്കുക.............
ഞങ്ങളുടെ പരിമിതികളെ .....
ഏറ്റെടുക്കുക ..........
ഞങ്ങളുടെ സ്വപ്നങ്ങളെ..........

## സന്ദേശം

സ്കൂൾ വിദ്യാഭ്യാസ കാലത്തു തന്നെ വിവര സാങ്കേതിക വിദ്യയുടെ മേഖലയിൽ വിദ്യാർത്ഥികളെ കൂടുതൽ പ്രാവീണ്യമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ്സ് എന്ന സംഘടന പ്രവർത്തിക്കുന്നത്. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയത്തിൽ ഏറെ സാർത്ഥകമാണ് എന്നതിൽ അഭിമാനിക്കുന്നു. ഇതിന്റെ തെളിവുകൂടിയാണ് ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ആർട്ടിഫിഷൽ എന്ന നമ്മുടെ ഈ ഡിജിറ്റൽ മാഗസിൻ. എം.എം.ഹയർസെക്കൻഡറി സ്കൂളിന്റെ സാഹിത്യപ്രവർത്തനം ചരിത്രത്തിലെ ഡിജിറ്റൽ വിപ്ലവമാണ്. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനമേഖല കൂടുതൽ വിപലീകരിക്കപ്പെടുന്നതോടൊപ്പം ഇതിനായി പ്രവർത്തിച്ച എല്ലാ കൂട്ടുകാരെയും സഹപ്രവർത്തകരെയും അഭിനന്ദിക്കുകയും ചെയ്യുന്നു.

അബ്ദുൽ അസീസ്. ഒ

ഹെഡ്മാസ്റ്റർ

# ആശംസ


ഡിജിറ്റൽ ലോകത്തെ വരവേൽക്കാൻ ഒരുങ്ങുകയാണ് നാം. ഇതിൻറെ എല്ലാവിധ സാങ്കേതിക മികവിനെയും സ്വാഗതം ചെയ്യുമ്പോൾ, മനുഷ്യസ്നേഹികളുടെ ആശങ്ക സർഗ്ഗാത്മകതയെ ചൊല്ലിയായിരുന്നു. യാന്ത്രികതയുടെ ഗതിവേഗത്തിൽ മനുഷ്യസ്നേഹത്തിന് അക്ഷര തുടിപ്പുകൾ നഷ്ടപ്പെടുമോ എന്ന്. അങ്ങനെയല്ല എന്ന് എന്റെ  പ്രിയപ്പെട്ട കൂട്ടുകാർ ലിറ്റിൽ കൈറ്റ്സിലൂടെ തെളിയിച്ചിരിക്കുന്നു.  ആശംസകൾ. ആർട്ടിഫിഷൽ നമ്മുടെ ആർദ്രതകളും, പ്രതീക്ഷകളും, സ്വപ്നങ്ങളും കൊണ്ട് സമ്പന്നമാണ്. വിദ്യാലയത്തിന്റെ  സർഗ്ഗാത്മകതയുടെ പ്രകടനമായി മാറാൻ ഈ സംരംഭത്തിന് കഴിയട്ടെ .

നിശാറാണി . സി
എസ്.ആർ.ജി
കൺവീനർ

# പ്രകൃതി



പ്രകൃതി വളരെ മനോഹരമാണ്. പ്രകൃതിയെ നമ്മൾ ആരും തന്നെ സംരക്ഷിക്കുന്നില്ല. അതുകൊണ്ടാണ് പ്രകൃതി നശിച്ചു പോകുന്നത്. എല്ലാ മരങ്ങളും കാടുകളും മനുഷ്യർ തന്നെയാണ് നശിപ്പിച്ചുകളയുന്നത്. അതുകൊണ്ട് പ്രകൃതിക്ക് ഒരുപാട് ദുരന്തങ്ങൾ ഉണ്ടാവുന്നു. മനുഷ്യർക്ക് ആവശ്യമുള്ള സമയത്ത് മരങ്ങളും മണ്ണും അവർ എടുക്കുന്നു. പിന്നീടത് പ്രകൃതിക്ക് തിരിച്ച് നൽകുന്നില്ല. അത് കൊണ്ട് മഴ പെയ്യുമ്പോൾ വെള്ളം കുടിക്കാൻ മരങ്ങളും മണ്ണും ഇല്ല. അതുകൊണ്ടാണ് കേരളം ദുരന്തം അനുഭവിക്കുന്നത്. കേരളത്തിൽ പ്ലാസ്റ്റിക് നിരോധിക്കണം അല്ലെങ്കിൽ പ്രകൃതി നശിച്ചുപോകും. പ്ലാസ്റ്റിക് ഉപയോഗിക്കുന്നുണ്ടെങ്കിൽ പുഴയിലും റോഡുകളിലും വലിച്ചെറിയരുത്. പ്ലാസ്റ്റിക് കൊണ്ട് പല മാരകമായ രോഗങ്ങൾ ഉണ്ടാകുന്നു. പ്രകൃതിയെ നമ്മൾ നല്ല രീതിയിൽ സംരക്ഷിക്കണം.പ്രകൃതിയെ ഞങ്ങൾ സംരക്ഷിച്ചില്ലെങ്കിൽ ഇനിയും ഒരുപാട് ദുരന്തങ്ങൾ സഹിക്കേണ്ടി വരും.







മാതൃഭാഷ എന്ന് ഓരോ പൗരന്റെയും സിരകളിലൂടെ ഓടുന്ന രക്തമാണ്., ഓരോ മനുഷ്യർക്കും അവരുടെ മാതൃഭാഷ ദൈവത്തിന് തുല്യമാണ്.അമ്മയിൽ നിന്നുയരുന്നതാണ് ഓരോ മനുഷ്യന്റെയും മാതൃഭാഷ.മാതൃഭാഷയിൽ നിന്നാണ് ഓരോരുത്തരും അവരുടെ ഉയരങ്ങളിലേക്കെത്തുന്നത്.മാതൃഭാഷയുടെ . പ്രാധാന്യത്തെ ഊട്ടിയുറപ്പിക്കാൻ കഴിയുന്നത് ഓരോ പൗരന്റെയും കടമയാണ്. മാതൃഭാഷ ഒരു മനുഷ്യനെയും അവരുടെ ജീവിതത്തേയും ഏറെ പ്രകമ്പനം കൊള്ളിക്കുകയും സ്വാധീനം ചെലുത്തുകയും ചെയ്യുന്നു.മാതൃഭാഷ എന്നത് ഓരോ പൗരന്റെയും ജീവിതത്തിൽ ഏറെ പങ്കുവഹിക്കുന്ന ഒന്നാണ്.ആ മാതൃഭാഷ മാധുര്യമാക്കാൻ കഴിയണം ഓരോ പൗരൻമാർക്കും.



# Cristiano Ronaldo

Jaza Sjeer 9B



Cristiano was a famous player in the world. His real name in Cristiano Ronaldo Dos Santos Averio he was born in 1985 February 5 in mederia, Portugal.

The Rise of a winner is the gripping life story of a boy who rose from the streets of mederia to become one of the best players ever.

With over 870 goals at club and international level combined, Cristiano Ronaldo is the top goal scorer in the world.



He first played for Clube Desportivo Nacional of Madeira and then transferred to Sporting Clube de Portugal (known as Sporting Lisbon), where he played for that club's various youth teams before making his debut on Sporting's first team in 2002.then he go Manchester United 2003-2009, Real Madrid 2009-2018, Juventus 2018-2021, Manchester United 2021-2022 and now 2024 he was in Al Nassar. Cristiano have 5 Ballo d'or, 4 golden boots, he also won the Champions League five times and four times with Real Madrid and once with Manchester United. Cristiano have so many fans and he was the most fans footballer in the world




# മഴത്തുള്ളി

വൈഗ സച്ചിൻ 8D



ആശയപെട്ടു്
വരയിൽ പോലും നിശ്ശബ്ദത തുളുമ്പുന്നു.
പഷ്ണി കടലാസ്സിൽ തെറിച്ച തുള്ളി
വർണ്ണത്തിനു പറയാൻ നീണ്ട കഥ.
ആശയങ്ങൾ തോരാത്ത മഴയെന്നപോൽ
അവശേഷിക്കുന്ന
മഞ്ഞ സൗഹൃദമെങ്കിൽ ആകാശം നീല
രണ്ടു കലർന്ന പച്ചപ്പ് പ്രകൃതിയും



# *TEACHER*

Jaza Sjeer 9B

A teacher is the part of the success of a student. Every student grown sometimes they forget all of the teacher but there is one teacher in always there mind. That teacher one's who give
Valuable words,motivation or helping in your studies..... anything that kind of. Sometimes the teachers strict but they have sincerity in there behaviour. In my life l have one of my favourite teacher. That teacher now still with us in school. his subject is physics l love her classes and he was like sincerity in his works and he was always allowed when we have some doubts in our studies and he clear them.
A good teacher know how to bring out the best in student.
THE INFLUENCE OF A GOOD TEACHER CAN NEVER BE ERASED



# Don't Trust Anybody

Vagdha 8D

Once a merchant was going through the forest with his camel. He left the camel in the forest as it was sick and he continued his journey. The camel ate whatever was in the forest and soon recovered. The lion,the fox and the crow were living in unity in the same forest. They came to know about the camel and enquired it. The camel narrated the incident and all four became friends. One day the lion was trying to hunt an elephant and got hunt very handily. He stayed inside the den and could not came out as lion could not go hunting all the three starved. The lion called fox,crow and camel. He asked three of them to go to the different direction and get him some food. All the three could not find any food. They met again and took a decision and went to the lion. They all have their ideas to the lion that they should sacrifice their life for lion's hunger. All through all of them have the idea but as the camel said the fox and the lion jumped on him and killed him.

THOSE WHO ARE CUNNING WILL HAVE WICKED THROUGHTS FOR YOU HOWEVER HOW FRIENDLY YOU MAY BE. IF YOU TRUST OTHER EASILY YOU WOULD HAVE TO  FACED THE DIFFICULTIES





# കണ്ണുനീർ

ഫദ്‌വ നൗറിൻ 9B

നിറഞ്ഞ കണ്ണുകളും,
പിടഞ്ഞ
മനതാരവും.
അടർന്നു വീഴും
വാചകങ്ങളും.
തേങ്ങലായ്...

ഇരുളടഞ്ഞ
വഴികളിലായി
യുള്ളയെൻ
സഞ്ചാരമെന്ന്
പകലിനെ
കാണും...

മൗനമീ എൻ അക്ഷര
കൂട്ടങ്ങൾ
എന്ന് വരികളായി
പിറവി കൊള്ളും.

അകലെ മങ്ങിമായും, എൻ
സ്വപ്നങ്ങളെ നോക്കി
നിൽക്കാനല്ലാതെ
.വിള്ളൽ
കൊണ്ട ഹൃദത്തിന്
മറ്റെന്ത്
സാധിക്കും



# മറുപടി

ഫദ്‌വ നൗറിൻ 9B

പ്രതികരിക്കാൻ ശബ്ദം ഇല്ലാഞ്ഞിട്ടോ...!!
മറുപടി നൽകാൻ തൂലികയിലെ മഷിതീർന്നിട്ടോ....!!

ഇന്ന് ഇന്ത്യ നിശബ്ദത കൊണ്ട്മൂടിയിരിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം ഭാഗത്തിൽ മൗലികാവകാശങ്ങളെ ആറു വിഭാഗങ്ങളായി രേഖപെടുത്തിയതിന് വിള്ളലേറ്റിട്ടും എന്ത് കൊണ്ട് മൗനമായി നിൽക്കണം....

ഭരണഘടനയുടെ 15ാമത്തെ വകുപ്പിൽ മതം, വർഗം, ജാതി, ലിംഗം ജന്മദേശം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം നിരോധിച്ചിരിക്കുന്നു.എന്നിട്ടും കഴിഞ്ഞ ദിവസം ഉത്തർപ്രദേശിലെ മുസഫർ നഗറിൽ നടന്ന സംഭവം ഹൃദയം നീറുന്ന വാർത്തയായിരുന്നു. വെറും ഏഴോ,എട്ടോ_ പ്രായം മാത്രമുള്ള പിഞ്ചു ബാല്യത്തേ മുസ്ലിമെന്ന പേരിൽ വിവേകം പോലും എത്തിയിട്ടില്ലാത്ത മറ്റ ഹിന്ദു മത വിദ്യാർത്ഥികളെ കൊണ്ട് അടിച്ചമർത്തുന്ന കാഴ്ച.. ആ പിഞ്ചു കുഞ്ഞിന്റെ കവിൾ തടങ്ങളിൽ നിന്നും ഒലിച്ചിറങ്ങുന്ന കണ്ണുനീർ കണ്ടിട്ടും അറിവ് പകർന്നു നൽകേണ്ട അധ്യാപികയെന്ന മരവിച്ച മനസ്സിന് അലിവ് തോന്നിയില്ല, പകരം വേദനകൾ കൂടാൻ കല്പിക്കുകയുണ്ടായത്.വിദ്യ നൽകേണ്ട ചില അധ്യാപകർ ഇങ്ങനെയായാൽ, വിദ്യ തേടി വരുന്ന വിദ്യാർത്ഥികളെ പറഞ്ഞിട്ട് കാര്യമില്ല ...!!
വേര് നന്നായാൽ അല്ലെ _ഫലം നന്നാകുകയുള്ളൂ...!!
കഴിഞ്ഞ ആഴ്ച ഇന്ത്യയുടെ 77ാമത്തെ _സ്വാതന്ത്ര്യ ദിനം ആഘോഷിച്ചുവെങ്കിൽ. ഇന്ന് ഇന്ത്യ _സ്വാതന്ത്ര്യമില്ലാത്ത രാജ്യമായി മാറിക്കൊണ്ടിരിക്കുന്നു..!!
ഇന്ത്യ വീണ്ടും ഒരു സ്വതന്ത്ര്യ രാജ്യമാകാൻ ഇന്ത്യയിലെ ഓരോ പൗരൻമാരും ആഗ്രഹിക്കുന്നു, കാത്തിരിക്കുന്നു...!ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ സോഫ്റ്റ് _ലാൻഡ് ചെയ്യുന്ന ആദ്യ രാജ്യമാകാൻ ഇന്ത്യക്കായി അറിയപ്പെട്ടുവെങ്കിൽ.. പിന്നാലെ ആദ്യ മനുഷ്യത്ത പരാജയ രാജ്യമായി ഇന്ത്യ അറിയപ്പെടേണ്ടിവരും.

# ബുദ്ധയുടെ മധുര സ്മിതം

വൈഗ സച്ചിൻ 8D

ഒരുപാട് യാത്രകൾ ചെയ്തിട്ടുണ്ട്. എങ്കിലും എനിക്ക് ഏറെ പ്രിയപ്പെട്ടത് ഈ അടുത്ത് ഞാൻ പോയ ഒരു യാത്രയാണ്. കൂർഗ്, മൈസൂർ എന്നിവടങ്ങളിലായിരുന്നു യാത്ര. കഴിഞ്ഞ വർഷം പോയത് പോലെ തന്നെ വലിയ ട്രാവലറിൽ ആയിരുന്നു. ആദ്യം മൈസൂർ എന്നിട്ട് തിരിച്ചു വരുമ്പോൾ കൂർഗ്.. എന്നായിരുന്നു പ്ലാൻ. ഒരു ദിവസം അതിരാവിലെ തന്നെ ഞങ്ങൾ പുറപ്പെട്ടു. മൈസുരിലെ ആദ്യ സ്ഥലം മൈസൂർ പാലസായിരുന്നു.അവിടം ഒരു പ്രത്യേക രീതിയിൽ ഒരുക്കിയിരുന്നു. വിശാലയമായ കൊട്ടാരത്തിൽ ഞങ്ങൾ ഞങ്ങളുടെ മനസ്സിനെ തണുപ്പിച്ചു.
ശേഷം ട്രാവലറിൽ പാട്ടും ഡാൻസുമൊക്കെയായി ഞങ്ങൾ അടുത്ത സ്ഥലം കൂർഗിലേക്ക്... പുറപ്പെട്ടു.എല്ലാവരുമൊത്തു പോകുന്നതല്ലാതെ മറ്റു രസങ്ങൾ ഒന്നും ഉണ്ടാകില്ലെന്നാണ് ഞാൻ വിചാരിച്ചത്. കാരണം ഇവിടങ്ങളിൽ ഞാൻ മുമ്പ് പോയതായിരുന്നു. കൂർഗിൽ ആദ്യം ഗോൾഡൻ ടെംപിൾ മൂന്നു വട്ടം പോയതാണ്. എങ്കിലും അതിനുള്ളിൽ പ്രവേശിച്ചു കഴിഞ്ഞാൽ കിട്ടുന്ന ശാന്തിയും സമാധാനവും പറഞ്ഞറിയിക്കാൻ പറ്റുന്നതല്ല. കയറുമ്പോൾ തന്നെ ഇരിക്കുന്ന ഒരു മനുഷ്യന്റെ വലിയ ഒരു പ്രതിമ കാണാം 'ബുദ്ധൻ'. ബുദ്ധന്റെ ആ പുഞ്ചിരി അത് നോക്കി നിന്ന് പോകും. ശേഷം ഉച്ചഭക്ഷണം കഴിഞ്ഞ് നിസാർഗ്ഗധാമയിലേക്ക്...അത് ഒരു മുളങ്കാടാണ്.പുറത്ത് ഗോസ്റ്റ് ഹൗസും, ഡേ വിത്ത് ആനിമൽസും ഉണ്ട്. അതിനും പുറത്താണ് സിപ് ലൈൻ. എന്നുവച്ചാൽ ഒരു വലിയ നീളമുള്ള ഒരു കയർ ഇരു വശത്തുമുള്ള ടവറിൽ കെട്ടിയിട്ടുണ്ടാവും. ഹെൽമെറ്റും ബെൽറ്റും ഇട്ടുതരും. ശേഷം ഒരു കൊക്ക് പോലെ ഉള്ള സാധനം അതിൽ കൊളുത്തും. പിന്നെ പിറകിലേക്ക് ആഞ്ഞു വലിക്കും. പെട്ടെന്ന് തള്ളി വിടും. ഹോ! ആകാശത്തു നിന്ന് ഇരുന്ന്കൊണ്ട് പറക്കുന്നത് പോലെയുണ്ടായിരുന്നു. അത് ഞാൻ നന്നായി ആസ്വദിച്ചു. രാത്രി ഭക്ഷണം കഴിഞ്ഞ് ബസ്സിൽ ക്ഷീണം ഇറക്കിവച്ചു. നല്ല ഉറക്കമുണ്ടായത് കൊണ്ട് ഡാൻസ് ഒന്നും കളിച്ചില്ല. യാത്ര നന്നായി ആസ്വദിച്ചു. എല്ലാവരും പോയി തന്നെ ആസ്വദിക്കേണ്ടുന്ന ഒരു സ്ഥലം തന്നെയാണ് അത്.



# poem of nature

Nature is so good
And don't make us rude
It gives us everything
Without expecting anything.
It gives us food to eat
And give us shade to reduce heat.
It is so green and help us to stay clean.
With trillions of trees.
And stunning cliffs.
So it is our duty to protect the nature
And to stop the melting of glaciers

_Liya fathima





# പ്രഭാതം

കാവ്യാഞ്ജലി 8D

ആഴമുള്ള സ്വപ്നങ്ങളിൽ നിന്ന്

ഇരുട്ടിൽ എത്തി നോക്കിയ വെളിച്ചം

എന്നെ തൊട്ടുണർത്തി.

വെള്ളത്തിൽ മുഖം കഴുകി പുറത്തിറങ്ങി

പ്രഭാതം നോക്കി നിന്നു.

മഴച്ചില്ലയിൽ നിന്ന് കുയിലമ്മ


സംഗീതം കേൾപ്പിക്കുന്നു.

കുളിർക്കാറ്റ് മുഖത്തിൽ തഴുകുന്നു

# TYPES OF VOLCANOES

Vagdha 8D

STRAVOLCANOES:are steep cones build of ash,rock,and lava spewed out during eruptions and deposited in layers.
SHEILD VOLCANOES:are large dome-shaped mountains build of lava flows,usually composed of basatt.
CALDERAS:are large bowl-shaped depressions within facing rims,of ten collapsed volcanic cones.
SOMMAVOLCANOES:are calderas now partially filled with newly formed central cones.
COMPLEX VOLCANOES:reveal volcanic structures formed of multiple creaters and summits



# സുഭാഷ് ചന്ദ്രബോസ്

'ഒരു വ്യക്തിക്ക് ആശയത്തിനായി മരിക്കാം... എന്നാൽ ആ ആശയം, അവന്റെ മരണശേഷം ആയിരം ജീവിതങ്ങളിൽ അവതരിക്കപ്പെടും'.

നേതാജി സുഭാഷ് ചന്ദ്രബോസ്



ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സുഭാഷ് ചന്ദ്രബോസിന് അർഹമായ സ്ഥാനം നിഷേധിക്കപ്പെടുന്നുവെന്ന് പുതിയ ചില പ്രചാരണങ്ങളുണ്ടെങ്കിലും അദ്ധേഹത്തിന്റെ മാന്യമായ സ്ഥാനം അദ്ദേഹത്തിന് ലഭിച്ചത് കൊണ്ട് തന്നെയാണ് നാമിന്ന് അദ്ദേഹത്തെ ഓർക്കുന്നതും. ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണത്തെ അടിമറിക്കുന്നതിനായി അദ്ദേഹം 'ഇന്ത്യൻ നാഷണൽ ആർമി' (ആസാദ് ഹിന്ദ് ഫൗജ്) സ്ഥാപിച്ചു. കൂടാതെ ഇന്ത്യൻ ജനക്കൂട്ടത്തിനിടയിൽ ഐതിഹാസിക പദവി നേടുകയും ചെയ്തു. ബ്രിട്ടീഷ് കരുത്തിന് മുമ്പിൽ അദ്ദേഹത്തിന്റെ ഉശിരുകൊണ്ടും ഉൾകരുത്തുകൊണ്ടും ധീരമായി നേരിട്ട സുഭാഷ് ചന്ദ്രബോസിനെ കുറിച്ചറിയേണ്ടത് നമ്മുടെ ആവശ്യമാണ്. നമ്മുടെ കുഞ്ഞുങ്ങൾ വളരേണ്ടത് അദ്ദേഹത്തെ പോലുള്ള ചരിത്രനായകന്മാരെ കുറിച്ച് അറിഞ്ഞുകൊണ്ടാണ്. പദവികൾക്കും നാണയത്തിനും വേണ്ടി വെള്ളക്കാരുടെ മുമ്പിൽ ദേശസ്നേഹത്തെ അടിയറ വെച്ചവർക്ക് അദ്ദേഹത്തെ ഇനിയും മനസ്സിലായിട്ടില്ല.

# Proud Red Rose

One beautiful spring day a red rose blossomed in a forest. As the rose looked around, a pine tree nearby said, "What a beautiful flower! I wish I was that lovely." Another tree said, "Dear pine, do not be sad. We cannot have everything."

The rose turned and remarked, "It seems that I am the most beautiful flower in this forest."

A sunflower raised its yellow head and asked, "Why do you say that? In this forest there are many beautiful flowers. You are just one of them."

The red rose replied, "I see everyone looking at me and admiring me." Then the rose looked at a cactus and said, "Look at that ugly plant full of thorns!"

The pine tree said, "Red rose, what kind of talk is this? Who can say what beauty is? You have thorns too."

The proud red rose looked angrily at the pine and said, "I thought you had good taste! You do not know what beauty is at all. You cannot compare my thorns to that of the cactus."

"What a proud flower," thought the trees.

The rose tried to move its roots away from the cactus, but it could not move. As the days passed, the red rose would look at the cactus and say insulting things, like 'this plant is useless. How sorry I am to be his neighbor.'

The cactus never got upset and even tried to advise the rose, saying, "God

did not create any form of life without a purpose."

Spring passed, and the weather became very warm. Life became difficult in the forest, as there was no rain. The red rose began to wilt.

One day the rose saw sparrows stick their beaks into the cactus and then fly away, refreshed. This was puzzling, and the red rose asked the pine tree what the birds were doing. The pine tree explained that the birds were getting water from the cactus.

"Does it not hurt when they make holes?" asked the rose.

Short Stories - Sparrow"Yes, but the cactus does not like to see the birds suffer," replied the pine.

The rose opened its eyes in wonder and exclaimed, "The cactus has water?"

"Yes, you can also drink from it. The sparrow can bring water to you if you ask the cactus for help."

The red rose felt too ashamed to ask for water from the cactus, but finally it did ask for help. The cactus kindly agreed. The birds filled their beaks with water and watered the rose's roots.

Thus the rose learned a lesson and never judged anyone by their appearance again



# Who or
# What dowe love more?

A man was polishing his new car; his 4 yr old daughter picked up a stone and scratched on the side of the car. In anger, the furious Man took his child's hand hit it many times, not realizing he was using a wrench. At the hospital, the child lost all his fingers due to multiple fractures.

When the child saw her father, with painful eyes he asked 'Dad when will my fingers grow back?' The man was so hurt and speechless. He went back to the car and kicked it many times. Devastated by his own actions, sitting in front of the car he looked at the scratches, His daughter had written 'LOVE YOU DAD'.

Moral: Remember, Anger and Love have no limit. Always remember that "Things are to be used and people are to be loved". But the problem in today's world is that "People are being used Things are being loved

# പറന്നു പോയോ

വൈഗ സച്ചിൻ 8D

പ്രണയമാണെങ്കിലുമെന്തൊരു-
കൂട്ടാണെങ്കിലും

നാമീ ലോകത്തോട് വിടപറയും വരെ-
അതൊരുടമ്പടിയായിരിക്കുവോളം
എല്ലാ ബന്ധങ്ങളും ഊതിതെറുപ്പി-
ക്കാവുന്ന ചുവൽ കൊട്ടാരം പോൽ

ആർക്കുമധികാരമില്ലാത്തൊരു-
പാവയാൺഞാനെങ്കിലെന്ന നാം-
ചിന്തിച്ചിരിക്കുമൊരിക്കലെ-
പോഴെങ്കിലും..

# ലഹരി

അബ്ദുൽ ബാസിത് എം

നിങ്ങൾ ലഹരിക്കടിമയാവുക...!
എന്ത് ലഹരിയെന്നല്ലേ...
വിജ്ഞാനത്തിന്റെ... കായികതയുടെ... വായനയുടെ
ലഹരിക്ക് നിങ്ങൾ അടിമപ്പെടുക...

വിജ്ഞാനം അഭിമാനിക്കാവുന്ന തൊഴിൽ ചെയ്യാൻ
സഹായിക്കുമ്പോൾ...
കളികളിലൂടെ ആരോഗ്യമുള്ളൊരു ശരീരവും മനസ്സും
നിങ്ങളിലുണ്ടാവും,
വായന നിങ്ങളുടെ അറിവുകൾ വർദ്ധിപ്പിക്കും,
അതിലൂടെ നിങ്ങൾക്ക് നേടിയെടുക്കാനാവും വീടിനും
നാടിനും സമൂഹത്തിനും അഭിമാനമാകുന്ന ലോകം
അംഗീകരിക്കുന്ന ഒരു വ്യക്തിത്വം.

എല്ലവരും നിങ്ങളെയോർത്ത് അസൂയപെടുന്ന...
നിങ്ങളുടെ കൂട്ടുകാരാണെന്നു അഭിമാനംകൊള്ളുന്ന...
ഞങ്ങൾ ഒരേ നാട്ടുകാരെന്നു പൊങ്ങച്ചം പറയുന്ന
കാലം.
ആഗ്രഹിക്കുന്നില്ലേ നിങ്ങൾ...

ഒരുപാട് കുറവുകൾ നിങ്ങളിൽ നിങ്ങൾക്ക്
കാണാനാവും..

അവനെപ്പോലെ പാടാൻ അറിയില്ലെന്നു...

അവളെപോലെ വരക്കാൻ അറിയില്ലെന്ന്
എഴുതാനും...
അഭിനയിക്കാനും...
നൃത്തംചെയ്യാനും...
അങ്ങനെ ഒത്തിരിയുണ്ടാവും...
എന്നാൽ നിങ്ങളുടേതായി നിങ്ങളിലുള്ള കഴിവിനെ
പുറത്തെടുക്കുക,
പരിപോഷിപ്പിക്കുക....
നാളയുടെയല്ല ഇന്നിന്റെ വാനം നിങ്ങൾക്കായി
കാത്തിരിക്കുന്നു...
നക്ഷത്രമായി തിളങ്ങട്ടെ.



# ഇന്ത്യൻ ജനത

വൈഗ സച്ചിൻ 8D

വാൽമീകിതൻ കാൽപ്പനിയൊരത്തു-
യർന്നു പരന്ന
നായകൻ മാത്രമാകുന്നു നീ

ചിലർ നിന്നെ ദൈവമായി-
വാഴ്ത്തുന്നു
അല്ലയോ രാമാ...
കേന്ദ്രത്തിലാഴ്ത്തിയിതു ചിലരെ-
നിന്റെ പേരു ചൊല്ലിയതോ!

തമ്മിൽ തല്ലി കാലത്തിനടിയറവ്
പറയുകയല്ല നാം ഇന്ത്യൻ ജനത

ആക്രന്ദനം മുഴക്കി ആ പവിത്ര -
സ്ഥലി മണ്ണോടലിച്ചവർ നിൻ

അവർ കെട്ടിപ്പടുക്കിയാ കൊട്ടാരമതാ-
ജീവസ്സറ്റ കല്ലുകൾ മാത്രമായി...

ഇവിടെ വർഗ്ഗീയവിത്തുകൾ-
മുളയ്ക്കില്ലൊരിക്കലും.

പ്രകൃതിയിൽ നിന്നും പൊക്കിൾ-
ക്കൊടി മുറിച്ചുമാറാത്ത
ശിശുക്കൾ ഞങ്ങൾ.

അമ്പികാ കല്ലോലങ്ങളിൽ
എല്ലാവരുമൊന്നുപോൽ.....

# WILLIAM SHAKESPHERE

Fathima Noora 8 D



William shakesphere was a famous english poet, playwright, and actor.He was born on 26th April 1564 in Stratford,England. His father's name is John Shakesphere and mother's name is Marry Arden. Shakesphere was the great writer of English language. He is often called the England national poet. His famous poem was Romeo and Fuliest. Shakesphere's wife name was Annu Hathaway with whom he had the three children. His plays have been translated into every major living languages. He had joined one of the famous threature companies. William passed away in 23rd April 1616

# ലിറ്റിൽ കൈറ്റ്സ്

വാർഷിക റിപ്പോർട്ട് 2023 -25

ആസിയ ഹന

കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെകനോളജി ഫോർ എജ്രുക്കേഷന്റെ(കൈറ്റ്)ഒരു ലക്ഷത്തിൽപരം വിദ്യാർഥികളെ അംഗങ്ങളാക്കി കൊണ്ടുള്ള ഒരു സവിശേഷ സംരംഭമാണ് ലിറ്റിൽ കൈറ്റ്സ്.

ആനിമേഷൻ,സൈബർ സുരക്ഷ,മലയാളം കംപ്യൂട്ടിംഗ്, ഹാർഡ്വെയർ, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്,ഇസ്ക്രബസ്,മീഡിയ തുടങ്ങിയ മേഖലകളിൽ വിദ്യാർഥികൾക്ക് പരിശീലനം നൽകിയിട്ടുള്ള ഹൈ-സ്കൂൾ കുട്ടിക്കൂട്ടം സംവിധാനമാണ് സ്റ്റുടൻസ് പോലീസ് കേഡറ്റ് മാതൃകയിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബായി തീർന്നത്.രാജ്യത്തെ ഏറ്റവും വലിയ വിദ്യാർഥി ഐ.ടി നെറ്റ്വർക്ക് ആയിട്ടാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ സംസ്ഥാനത്തെ 1955 സ്കൂളുകൾക്കാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ് രുപീകരിക്കാൻ അംഗീകാരംനൽകിയത്.

നമ്മുടെ സ്കൂളും ആ ലിസ്റ്റിൽ ഉൾപ്പെട്ടവയാണ്. 2023 -25വർഷം 9ാം ക്ലാസ്സിൽ പഠിക്കുന്ന താൽപര്യമുള്ള കുട്ടികൾക്ക് അഭിരുചി പരീക്ഷ നടത്തി.40വിദ്യാർഥികളെയാണ് പരീക്ഷയിൽ നിന്ന് തിരഞ്ഞെടുത്തത്.സ്കൂൾ യൂണിറ്റിൻറെ ചുമതല വഹിക്കുന്ന കൈറ്റ് മാസ്റ്റർ സിറാജ്സാറും കൈറ്റ് മിസ്ട്രസ് സഫറത്ത് ടീച്ചറുമാണ്.യൂണിറ്റ് ലീഡർ ആസിയ ഹനയും, ഡെപ്യൂട്ടി ലീഡർ മുഹമ്മദ് യാസീനുമാണ്.ലിറ്റിൽ കൈറ്റ്സ് സ്കൂൾതല നിർവ്വഹണ സമിതിയിൽ ചെയർമാനായി സ്കൂൾ പി.ടി.എ പ്രസിഡന്റ് സമീർ പെരിങ്ങാടി കൺവീനറായി ഹെഡ്മാസ്റ്റർ ശ്രീ.ഒ അബ്ദുൽ അസീസ് സാറും ചുമതലയേറ്റു.

മാസത്തിൽ 4 മാണിക്കൂർ എന്ന രീതിയിലാണ് സ്കൂൾ തല പരിശീലനം നടത്താറുള്ളത്.ഓരോ ആഴ്ചയിലെയും ബുധനാഴ്ചകളിൽ 4 മണി മുതൽ 5 മണി വരെയാണ് ക്ലാസ്സ്.കൈറ്റ് തയ്യാറാക്കി നൽകുന്ന

മൊഡ്യൂളിൻറെ അടിസ്ഥാനത്തിലാണ് പരിശീലനം. ഇത് കൂടാതെ മറ്റ് ഐ.ടി. വിദഗ്ധരുടെ ക്ലാസ്സും നൽകാറുണ്ട്. യൂണിറ്റ് തല ഏകദിന ക്യാമ്പും നടത്തിയിട്ടുണ്ട്.തിരഞ്ഞെടുത്ത എട്ടു കുട്ടികൾക്കായി ആനിമേഷൻ,പ്രോഗ്രാമ്മിങ് എന്നീ വിഷയങ്ങളിൽ രണ്ട് ദിവസത്തെ ഉപജില്ലാതല ക്യാമ്പും നടത്തി. ആനിമേഷനിൽ ഉപജില്ലാതല ക്യാമ്പിൽ നിന്നും ജില്ലാ തല ക്യാമ്പിലേക്ക് സെലക്ഷൻ കിട്ടിയ അമൽ ബിന്ദ്ര എന്ന കുട്ടി നമ്മുടെ സ്കൂളിന്റെ അഭിമാനമാണ്. സ്കൂൾ തല പരിശീലനങ്ങളിലെ പങ്കാളിത്തം ഉറപ്പാക്കാനായി എല്ലാ പരിശീലനദിനത്തിലും ഹാജർ എടുക്കാറുണ്ട് .

ഹൈടെക് ഉപകരണങ്ങളുടെ ശരിയായ ഉപയോഗരീതി പരിപാലാനം,കമ്പ്യൂട്ടർ ഹാർഡ്വെയറിയൻറെ പ്രാഥമിക തലത്തിലുള്ള പ്രശ്നനിദ്ധാരണംഇവയൊക്കെ കുറിച്ചായിരുന്ന ആദ്യ പരിശീലനങ്ങലൾ.ഇതിലൂടെ ഓരോ ക്ലാസ്സിലെ പ്രൊജക്ടറിൻറെ ക്രമീകരണങ്ങളും പരിപാലനവും ആ ക്ലാസ്സിലെ ഒരു ലിറ്റിൽ കൈറ്റിനമേൽ ചുമതലയേൽപ്പിച്ചു.ഗ്രാഫിക്, മൾട്ടി മീഡിയ സോഫ്റ്റവെയറുകളുംഅവയുടെ ഉത്പന്നങ്ങളും തുടങ്ങി ഓഡിയോ, വീഡിയോ,എഡിറ്റിങ്,ആൽബം നിർമാണത്തെ കുറിച്ച് വരെ പരിശീലനം നൽകി. ആനിമേഷൻ വിഭാഗത്തിൽ ഉപജില്ലാതല ക്യാമ്പിൽ പങ്കെുത്ത ലിറ്റിൽ കൈറ്റ് അംഗങ്ങൾ സ്വന്തമായി ഒരുചെറിയ ആനിമേഷൻ സിനിമ നിർമിച്ചാണ് ക്യാമ്പിൽ പോയത്.ഒരു ഗെയിമിന്റെ പിന്നിലെ പ്രോഗ്രാമിനെയും സ്ക്രാച്ച് സോഫറ്റ്വെയറിനെയും കുറിച്ചും ക്ലാസും നൽകി. മൊബൈൽ ഫോൺ സോഫ്റ്റ് വെയറുകളുടെ അടിസ്ഥാന ആശയങ്ങളെ കുറിച്ചും റോബോട്ടിക്സ് സംബന്ധിച്ചും ക്ലാസ്സിലൂടെ ചർച്ചചെയ്തു.അടിസ്ഥാന ഇലക്ട്രോണിക്സ് ആശയങ്ങളെ കുറിച്ച് ഇലക്ട്രോണിക്സ് കിറ്റ് തുടങ്ങിയ ഉപകരണങ്ങളുപയോഗിച്ചുള്ള അപ്ലൈഡ് ഇലക്ട്രോണിക്സ് & പ്രോഗ്രാമിങിനെ കുറിച്ചും റോബോട്ടിക്സിനെ കുറിച്ചും വിശദമായ പരിശീലനം നൽകി. വിവര വിനിമയത്തിൻറെ നട്ടെല്ലായ ഇന്റർനെറ്റ്, വിവരവിനിമയത്തിന്റെ സാധ്യതകൾ ദുരുപയോഗങ്ങൾ, ഐ.ടി. ആക്റ്റിൽ അറിയേണ്ട വസ്തുതകൾ, സൈബർ കുറ്റകൃത്യതകൾ, പ്രതിരോധ രീതികൾ, സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗം - ഇവയുമായി ബന്ധപ്പെട്ട

വിഷയങ്ങളെ കുറിച്ച് ചർച്ചചെയ്യുന്ന ഒരു പ്രത്യേക ക്ലാസും ഉണ്ട്. ഈ അറിവിന്റെയൊക്കെ അടിസ്ഥാനത്തിൽ ലിറ്റിൽ കൈറ്റുകളെല്ലാം കൂടി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി. സ്കൂളിലെ പലരുടെയും രചനകൾ ഉൾപ്പെടുത്തിയായിരുന്നു മാഗസിൻ. രചനകളുടെ ശേഖരണം മുതൽ അതു ടൈപ്പ് ചെയ്ത് എഡിറ്റിംഗ് വരെ അവർ പൂർത്തിയാക്കി. കൈറ്റ് മാസ്റ്ററിന്റെയും മിസ്ട്രസിന്റെയും മറ്റു അധ്യാപകരുടെയും സഹായത്തോടെയാണ് ഈ പ്രവർത്തനങ്ങളൊക്കെ ചെയ്തത്. ഇതിനു പുറമെ ലിറ്റിൽ കൈറ്റുകൾക്ക് കോഴ്സ് പൂർത്തീകരണവുമായി ബന്ധപ്പെട്ട് പരിശീലനം ലഭിച്ച



വിഷയവുമായി ബന്ധപ്പെട്ട് വ്യക്തിഗതമായും സാമൂഹ്യസേവനവുമായി ബന്ധപ്പെട്ട ഏതങ്കിലും ഒരു പ്രവർത്തനം ഗ്രൂപ്പ് പ്രവർത്തനത്തിലൂടെയും അസൈൻമെന്റുകൾ സബ്മിറ്റ് ചെയ്യണം. ലിറ്റിൽ കൈറ്റ്സ് ബാച്ചിന് ഒരു ഫീൽഡ് വിസ്റ്റ് അല്ലെങ്കിൽ ഇന്റസ്ട്രിയൽ വിസ്റ്റ് ഉണ്ട്.

പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ എഴുതി സൂക്ഷിക്കാനായി ഒരു വർക്ക് ഡയറി എല്ലാവരുടെയും കൈവശമുണ്ട്. ലിറ്റിൽ കൈറ്റുകൾ പരിശീലന ദിവസങ്ങളിൽ ഫോട്ടോയും മറ്റു വിവരങ്ങളുമടങ്ങിയ ഒരു ഐഡന്റിറ്റി കാർഡും ധരിക്കണം.അങ്ങനെ മറ്റു യൂണിറ്റുകളെ പോലെത്തന്നെ ലിറ്റിൽ കൈറ്റ്സ് അതിന്റെ ആരംഭത്തിൽ തന്നെ സ്കൂളിനായി പല അഭിനന്ദർഹമായ നേട്ടങ്ങളും കൈവരിച്ചു.